STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.12/PR/SPMC/PHQ/2024 Date:05.02.2024

# ബാഡ്ജ് ഓഫ് ഓണറും കമന്റേഷൻ ഡിസ്ക്കും 321 പേർക്ക്; വിതരണം ചൊവ്വാഴ്ച ഡി.ജി.പി നിർവഹിക്കും

പോലീസിലെ വിവിധ മേഖലകളിൽ പ്രാഗല്ഭ്യം തെളിയിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവി ചൊവ്വാഴ്ച ബാഡ്ജ് ഓഫ് ഓണറും കമന്റേഷൻ ഡിസ്ക്കും വിതരണം ചെയ്യും. രാവിലെ 11.30ന് തിരുവനന്തപുരത്ത് തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിലാണ് ചടങ്ങ്.

കേസന്വേഷണം, ക്രമസമാധാനപാലനം, രഹസ്യ വിവരശേഖരണം, സോഷ്യൽ പോലീസിംഗ്, പരിശീലനം, ടെലികമ്മ്യൂണിക്കേഷൻ, ഫോറൻസിക് സയൻസ്, വിരലടയാളശേഖരണം, ബോധവൽക്കരണം മുതലായ മേഖലകളിലെ കഴിവ് പരിഗണിച്ചാണ് ബാഡ്ജ് ഓഫ് ഓണർ നൽകുന്നത്. മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട 19 പേർക്കും ബാഡ്ജ് ഓഫ് ഓണർ ലഭിക്കും. 271 പേർക്കാണ് ബാഡ്ജ് ഓഫ് ഓണർ ലഭിക്കുക.

ആംഡ് പോലീസ് ബറ്റാലിയനിലെ വിവിധ മേഖലകളിലെ പ്രകടനത്തിൽ മികച്ചു നിൽക്കുന്നവർക്കാണ് കമന്റേഷൻ ഡിസ്ക്ക് നൽകുന്നത്. 50 പേരാണ് ഇത്തവണ കമന്റേഷൻ ഡിസ്ക്കിന് അർഹത നേടിയത്.

*******************